(ബി) ഈ വീടുകളുടെ പുനർനിർമ്മാണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പദ്ധതിയിൽ എത്ര വീടുകളുടെ പണി ആരംഭിച്ചു;

(ഡി) കണ്ണൂർ ജില്ലയിൽപ്പെട്ട പേരട്ട, കാഞ്ഞിരക്കൊല്ലി എന്നീ ആദിവാസി കോളനികളിൽ അടിത്തറ മാത്രം 1983-ന് മുൻപ് കെട്ടിയ വീടുകളുടെ പണി പുനരാരംഭിച്ചിട്ടില്ലായെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഈ കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2407.

(ബി) ഉണ്ട്. പൊതുമരാമത്തു വകുപ്പിനെക്കൊണ്ട് പുനർനിർമ്മാണം നടത്താനാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) 155

(ഡി) ഉണ്ട്.

(ഇ) പേരട്ടയിലെ വീടുകളുടെ പണി പൊതുമരാമത്തു വകുപ്പിനെ ഏല്പിക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

കാഞ്ഞിരക്കൊല്ലിയിലെ വീടുകളുടെ പണി എൻ. ആർ. ഇ. പി. പദ്ധതി പ്രകാരം പൂർത്തിയാക്കുന്നതിന് നടപടി എടുത്തുവരുന്നു.

## പ്ലാവെട്ടി ഗിരിജൻ സഹകരണസംഘത്തിന്റെ കെട്ടിടം

329 [360] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് വില്ലേജിൽ പ്ലാവെട്ടി ഗിരിജൻ സഹകരണ സംഘത്തിന്റെ മേൽക്കൂര കഴിഞ്ഞ ഏപ്രിൽ മാസത്തിലെ കൊടുങ്കാറ്റിൽ തകർന്നത് അടിയന്തിരമായി മെയിൻറനൻസ് നടത്തിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കൊടുത്ത അപേക്ഷയിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി മെയിൻറനൻസ് നടത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. മേൽക്കൂര തകർന്നതുമൂലമുണ്ടായ നാശനഷ്ടങ്ങളുടേയും അടിയന്തിരമായി വേണ്ട മെയിൻറനൻസ് പണിയുടെയും എസ്റ്റിമേറ് തയ്യാറാക്കിച്ച് സമർപ്പിക്കാൻ സംഘം പ്രസിഡൻറിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇത് തിട്ടപ്പെടുത്തി ആവശ്യമായ ധനസഹായം നൽകുന്നതിന് നെടുമങ്ങാട് അസിസ്റ്റൻറ് രജിസ്ട്രാർക്ക് (സഹകരണവകുപ്പ്) നിർദ്ദേശം നല്കിയിട്ടുണ്ട്. തകർന്ന മേൽക്കൂര തല്ക്കാലം ഓലമേഞ്ഞ് സംഘം ഓഫീസ് അതിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly